(സി) ഇത് പരിഹരിക്കണമെന്ന നിർദ്ദേശം ലഭിച്ചിരുന്നോ;

(ഡി) പ്രസ്തുത നിർദ്ദേശത്തിൻമേൽ എന്തു നടപടിയെടുത്തു; വ്യക്തമാക്കുമോ;

(ഇ) സ്പെഷ്യൽ റൂൾസിലെ അപാകതകൾ പരിഹരിക്കുന്നതിനും ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിനും സത്വര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 29-9-1995-ൽ.

(ബി) ഉണ്ട്.

(സി—ഇ) ചില തസ്തികകളെ സംബന്ധിച്ചുള്ള സ്പെഷ്യൽ റൂളിൽ അപാകത ഉണ്ടെന്ന് കണ്ടതിനാൽ ആയത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്.

'കിറ്റ്സ്'-ൽ നടത്തുന്ന കോഴ്സുകൾ

87 [3234] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കിറ്റ്സ്'-ന് എത്ര സെന്ററുകൾ ഉണ്ട്; ഏതെല്ലാമാണ്;

(ബി) ഈ സെന്ററുകളിൽ ഏതെല്ലാം കോഴ്സുകൾ നടത്തുന്നുണ്ട്;

(സി) ഓരോ കോഴ്സിനും എത്ര വിദ്യാർത്ഥികൾ പഠിക്കുന്നു;

(ഡി) ഈ സ്ഥാപനങ്ങളിൽ മാസിയേഴ്സ് കോഴ്സ് പോലുള്ള ആയൂർവേദ കോഴ്സുകൾകൂടി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കിറ്റ്സിന് തിരുവനന്തപുരം, മലയാറ്റൂർ എന്നിവിടങ്ങളിൽ സെന്ററുകളുണ്ട്.

(ബി) തിരുവനന്തപുരം സെന്ററിൽ ട്രാവൽ ആന്റ് ടൂറിസം സംബന്ധമായ കോഴ്സുകളും, മലയാറ്റൂരിൽ ഹോസ്പ്പിറ്റാലിറ്റി സംബന്ധമായ കോഴ്സുകളുമാണ് നടത്തുന്നത്. ട്രാവൽ & ടൂറിസം സംബന്ധമായ കോഴ്സുകൾ താഴെപ്പറയുന്നവയാണ്.

1. പോസ്റ്റ്ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ ബിസിനസ് അഡ്മിനിസ്ട്രേഷൻ ട്രാവൽ ആൻറ് ടൂറിസം.
2. കേംബ്രിഡ്ജ് കരിയർ അവാർഡ്സ് ഇൻ ട്രാവൽ ആന്റ് ടൂറിസം.
3. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ എയർഫയർ ടിക്കറ്റിംഗ് ആന്റ് ട്രാവൽ ഏജൻസി മാനേജ്മെന്റ്.
4. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്.
5. സർട്ടിഫിക്കറ്റ് കോഴ്സ് ഫോർ മാസിയേഴ്സ്.

മലയാറ്റൂരിൽ ഈ വർഷം കോഴ്സുകൾ ഒന്നും തുടങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി)

കോഴ്സ്	വിദ്യാർത്ഥികളുടെ എണ്ണം
പി.ജി.ഡി.സി.എ.	64
മാസിയേഴ്സ് കോഴ്സ്	32
ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്	8

(ഡി) തിരുവനന്തപുരത്തുള്ള സെന്ററിൽ മാസിയേഴ്സ് ട്രെയിനിംഗ് കോഴ്സ് ആരംഭിച്ചിട്ടുണ്ട്.

ചമ്പക്കുളം മൂലം വള്ളംകളിക്കുള്ള ഗ്രാന്റ്

88 [3235] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വള്ളംകളികളിൽ പ്രമുഖസ്ഥാനമുള്ള ചമ്പക്കുളം മൂലം വള്ളംകളിക്കുള്ള ഗ്രാന്റ് വർദ്ധിപ്പിച്ചു കിട്ടണമെന്നുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൂടുതൽ തുക അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ചുണ്ടൻ വള്ളങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുമെന്ന് ഔദ്യോഗിക പ്രഖ്യാപനം

89 [3236] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളംകളികളിൽ പങ്കെടുത്തുവരുന്ന ചുണ്ടൻവള്ളങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുമെന്ന് ഔദ്യോഗിക പ്രഖ്യാപനം ഉണ്ടായെങ്കിലും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) വള്ളംകളികളിൽ പങ്കെടുത്തുവരുന്ന സംസ്ഥാനത്തെ ചുണ്ടൻവള്ളങ്ങൾക്ക് 25,000 രൂപ വീതം മെയിന്റനൻസ് സബ്സിഡി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ഗോൾഡ് എക്സിബിഷൻ

90 [3237] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly